# CAREER Updates

# പത്രവൃത്താന്തം

**22.07.2024 (തിങ്കൾ)**



- ⇨ 2024 ജൂലൈയിൽ പുറത്തുവന്ന വേൾഡ്അറ്റ്ലസ് ഡോട്ട്കോമിന്റെ റിപ്പോർട്ട് പ്രകാരം ഉത്പാദനശേഷിയുടെ അടിസ്ഥാനത്തിൽ ലോകത്തിലെ ഏറ്റവും വലിയ അഞ്ച് കൽക്കരി ഖനികളിൽ ഇന്ത്യയിൽ നിന്നുമുൾപ്പെട്ട രണ്ട് ഖനികൾ
- ✔ ഗേവ്ര, കുസ്മുണ്ട
- ലോകത്തെ ഏറ്റവും വലിയ കൽക്കരി ഖനികളിൽ ഗേവ്രയ്ക്ക് രണ്ടാം സ്ഥാനവും കുസ്മുണ്ടയ്ക്ക് നാലാം സ്ഥാനവുമാണ്. ഛത്തീസ്ഗഢിലെ കോർബ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഇരു ഖനികളും കോൾ ഇന്ത്യാ ലിമിറ്റഡിന്റെ ഉപകമ്പനിയായ സൗത്ത് ഈസ്റ്റേൺ കോൾഫീൽഡ്സ് ലിമിറ്റഡിന് കീഴിൽ പ്രവർത്തിക്കുന്നവയാണ്. ഇന്ത്യയുടെ ആകെ മൊത്തം വാർഷിക കൽക്കരി ഉത്പാദനത്തിന്റെ 10% ഉം ഈ രണ്ട് ഖനികളിൽ നിന്ന് മാത്രമാണ്.
- ഉത്പാദനശേഷിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ബ്ലാക്ക് തണ്ടർ ഖനിയാണ് ലോകത്തിലെ ഏറ്റവും വലിയ കൽക്കരി ഖനി. ആദ്യ പത്ത് സ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ (നാല്) ഖനികളും ഇന്തൊനേഷ്യയിലുള്ളവയാണ്.

- ⇨ 2024 ജൂലൈയിൽ അനാരോഗ്യത്തെ തുടർന്ന് അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്ന് പിന്മാറുന്നതായി പ്രഖ്യാപിച്ച ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി
- ✔ ജോ ബൈഡൻ
- ⇨ 2024-ലെ സ്വിസ് ഓപ്പൺ എ.ടി.പി. ടെന്നീസ് ടൂർണമെന്റിൽ ഡബിൾസിൽ കിരീടം നേടിയ ഇന്ത്യൻ താരം
- ✔ യൂകി ഭാംബ്രി
- ഭാംബ്രിയും ഫ്രാൻസിന്റെ താരമായ അൽബാനോ ഒലിവെട്ടും ചേർന്നുള്ള സഖ്യമാണ് കിരീടം നേടിയത്.
- ⇨ 2024 ജൂലൈയിൽ ഫോർമുല 2 ഹംഗേറിയൻ ഗ്രാൻപ്രിയിൽ സ്പ്രിന്റ് റേസിൽ വിജയിയായ റിച്ചാർഡ് വെർഷൂർ അയോഗ്യനാക്കപ്പെട്ടതിനെ തുടർന്ന് ഫോർമുല 2 റേസിൽ വിജയിക്കുന്ന ആദ്യ ഇന്ത്യൻ താരമായി മാറിയത്
- ✔ കുശ് മൈനി

CAREER GUIDANCE BUREAU

- ⇨ 2024 ജൂലൈയിൽ ഐ.യു.സി.എൻ. പ്രസിദ്ധീകരിച്ച റെഡ് ലിസ്റ്റ് പഠന റിപ്പോർട്ടനുസരിച്ച് മൂന്നാറും നീലഗിരിയും അടക്കം പശ്ചിമഘട്ട നിരകളിൽ കാണപ്പെടുന്ന നീലക്കുറിഞ്ഞിയുടെ അളവിൽ എത്ര ശതമാനം കുറവാണുണ്ടായത്?
- ✔ 40%
- ⇨ ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ പ്രഥമ ഉമ്മൻ ചാണ്ടി പൊതുപ്രവർത്തക പുരസ്കാരത്തിന് അർഹനായത്
- ✔ രാഹുൽ ഗാന്ധി
- പൊതുപ്രവർത്തനരംഗത്തെ മികവിന് സംസ്ഥാന യൂത്ത് കോൺഗ്രസ് കമ്മിറ്റി ഉമ്മൻ ചാണ്ടിയുടെ പേരിൽ ഏർപ്പെടുത്തിയ പുരസ്കാരത്തിനർഹനായത് മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആണ്.
- ⇨ 2024-ലെ ഫോർമുല വൺ ഹംഗേറിയൻ ഗ്രാൻപ്രിയിൽ ജേതാവായ മക്‌ലാരൻ താരം
- ✔ ഓസ്കർ പിയാസ്ട്രി

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999